പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2323 14.06.2019-ൽ മറുപടിയ്ക്ക്

ലോട്ടറി വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി 15 ലോട്ടറി സബ് ഓഫീസുകൾ, കോഴിക്കോട് ആസ്ഥാനമാക്കി ആഭ്യന്തര ഓഡിറ്റ് വിംഗ് ഓഫീസ് എന്നിവ പുതിയതായി ആരംഭിച്ചു സ്ഥിരം/പുനർവിന്യാസം/ദിവസ വേതനം/കരാർ എന്നീ കാറ്റഗറികളിലായി 169 തസ്തികകൾ ഭാഗ്യക്കുറി വകുപ്പിൽ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.<br>എല്ലാ ഭാഗ്യക്കുറി നറുക്കെടുപ്പുകളും ടെലിവിഷൻ ചാനലുകൾ വഴി തത്സമയ സംപ്രേഷണം ചെയ്യുന്നതിലേയ്ക്കായി കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തിയതിനു പുറമേ രണ്ട് പുതിയ നറുക്കെടുപ്പ് മെഷീനുകളും വകുപ്പ് വാങ്ങിയിട്ടുണ്ട്. കൈരളി, കൗമുദി, ജീവൻ, ജയ്ഹിന്ദ് എന്നീ ടെലിവിഷൻ ചാനലുകൾ മുഖേന നറുക്കെടുപ്പുകളുടെ തത്സമയ സംപ്രേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>NIC-യുമായി സഹകരിച്ച് വകുപ്പിന് ഒരു പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കി വരുന്നു. C-DIT-ന്റെ സഹകരണത്തോടെ വകുപ്പ് പുറത്തിറക്കുന്ന ടിക്കറ്റുകളിൽ ആധുനിക സെക്യൂരിറ്റി ഫീച്ചറുകൾ |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളിക്കുന്നതിനായി ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ഒരു സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള 19 ഓഫീസുകളിൽ ഇ-ടെൻഡർ മുഖേന കമ്പ്യൂട്ടർ ഹാർഡ് വെയർ എക്വിപ്മെന്റ് വാങ്ങി സ്ഥാപിക്കുകയും സൗകര്യങ്ങൾ കുറവായിരുന്ന തിരുവനന്തപുരം, തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുകയും അവിടേയ്ക്ക് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10 ജില്ലാ ഓഫീസുകളിൽ Networking Revamping നിർവ്വഹിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ